മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ, ബി) മീറ്റർ ചാർജ്ജിൽ വർദ്ധനവു വരുത്തിയെന്നു പറയുവാൻ നിവർത്തിയില്ല. മൂൻപു് ഫ്യൂസു് കാരം ഒന്നിനും ഒരു രൂപാവീതം ഈടാക്കിയിരുന്നതിനു പകരം, മീറ്റർചാർജ്ജു് ഇനത്തിൽ അൻപതു നയാപൈസയും സർവ്വീസു് ചാർജ്ജു ഇനത്തിൽ അൻപതു നയാപൈസയും ഈടാക്കുന്നതിനാണു് ഇപ്പോരം വ്യവസ്ഥചെയ്തിട്ടുള്ളതു്. ഇതു മീറ്റർ മിനിമമായ രണ്ടു രൂപക്കു് പുറമെയാണു്.

(സി) നിലവിലുണ്ടായിരുന്ന ചാർജ്ജു വസൂലാക്കുന്ന രീതിക്കു് വ്യത്യാസം വരുത്തി എന്നല്ലാതെ ചാർജ്ജുനിരക്കിനു വർദ്ധനവു് ഉണ്ടായിട്ടില്ല. അതുകൊണ്ടു് ഈ ചോദ്യം ഉദിക്കുന്നില്ല.

കേരളത്തിലെ ടീക്കു് പ്ലാന്റേഷൻ

* 553. [17] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെൻറുവക ഒട്ടാകെയുള്ള ടീക്കുപ്ലാന്റേഷൻ എത്ര ;

(ബി) ഏറ്റവും പഴക്കമുള്ള ടീക്കുപ്ലാന്റേഷൻ എത്ര ; എവിടെയാണു് ;

(സി) പത്തുവർഷത്തിനു താഴെയുള്ള പുതിയതായ പ്ലാന്റേഷൻ എത്ര;

(ഡി) പ്രസ്തുത പ്ലാന്റേഷനുകളും സുമാർ എത്രകോടി ഉറുപ്പികയുണ്ടാവും ;

(ഈ) സ്വകാര്യവ്യക്തികളുടെ കൈയിൽ ഉള്ള ടീക്കുപ്ലാന്റേഷൻ എത്രയുണ്ടെന്നു വല്ല കണക്കും ഉണ്ടോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) ഗവണ്മെൻറു വകയായി ആകെ 96,495 ഏക്കർ ടീക്കു് പ്ലാന്റേഷൻ ഉണ്ടു്.

(ബി) ഏറ്റവും പഴക്കമുള്ള ടീക്കു് പ്ലാന്റേഷൻ നിലമ്പൂരിലാണു്. 5·70 ഏക്കറുള്ള ഈ പ്ലാന്റേഷൻ 1846–ലാണു് വച്ചുപിടിപ്പിച്ചതു്. ഇതു കൂടാതെ കൊല്ലവർഷം 1059–ലും 1064–ലും വച്ചുപിടിപ്പിച്ചതായി കോന്നിയിലും രണ്ടു പ്ലാന്റേഷനുകളുണ്ടു്.

(സി) പത്തുവർഷത്തിനു താഴെയുള്ള പുതിയ പ്ലാന്റേഷൻ ആകെ 26,728 ഏക്കർ ഉണ്ടു്.

(ഡി) പ്രസ്തുത പ്ലാന്റേഷൻ എല്ലാംകൂടി പൂർണ്ണവളർച്ചയെത്തുമ്പോരം ഉദ്ദേശം 126 കോടി രൂപയിൽ കൂടുതൽ തുകയുടെ വരും.

(ഈ) സ്വകാര്യവ്യക്തികളുടെ വകയായുള്ള ടീക്കു് പ്ലാന്റേഷനെപ്പറ്റി യാതൊരു കണക്കും ഇപ്പോരം ഇല്ല.

ഹെൽത്തു സെൻററിലെ ഡോക്ടർമാരുടെ ജോലിസമയം

* 554. [18] ശ്രീ. കെ. നാരായണക്കുറുപ്പു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹെൽത്തുസെൻററുകളിലെ ഡോക്ടർമാരുടെ സമയം ക്രിയപ്പെടുത്തിയിരിക്കുന്നതു് ഏതു വിധമാണു് ;

(ബി) പകൽ 12 മണി കഴിഞ്ഞാൽ ഹെൽത്തു സെൻററുകളിൽ ഉദ്യോഗസ്ഥന്മാരാരും കാൺമാനില്ല എന്നു് പരാതിയുണ്ടായിട്ടുണ്ടോ ;

(സി) ഹെൽത്തുസെൻററുകളോടനുബന്ധിച്ചു് സബ്ബു് സെൻററുകരം അനുവദിച്ചിട്ടുള്ള പല സ്ഥലങ്ങളിലും അവ ഇതുവരെ ആരംഭിച്ചിട്ടില്ലെന്ന വസ്തുത ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിനു് എന്തു നടപടികരം സ്വീകരിച്ചിട്ടുണ്ടു് ?

LIBRARY ARCHIVES Kerala Legislative Assembly

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) ഹെൽത്ത് സെന്ററുകളിലെ ഡോക്ടർമാർ എല്ലാദിവസവും രാവിലെ രോഗികളെ പരിശോധിക്കുന്നതും, ഉച്ചയ്ക്കുമേൽ ഹെൽത്ത് സ്റ്റാഫിന്റെ പ്രവർത്തനം പരിശോധിക്കുന്നതും സബ്ബ് സെന്ററുകളും സന്ദർശിച്ച് ക്ലിനിക്ക് നടത്തുന്നതും ആണ്.

(ബി) ഉണ്ടായിട്ടുണ്ട്.

(സി) അനുവദിച്ചിട്ടുള്ള ചില സബ്ബ് സെന്ററുകൾക്ക് കെട്ടിടം, ഉദ്യോഗസ്ഥന്മാർ, എന്നിവ ഇല്ലാത്തതിനാൽ ആരംഭിച്ചിട്ടില്ല.

(ഡി) ഇതിലേയ്ക്ക് ആവശ്യമുള്ള കെട്ടിടം, ഉദ്യോഗസ്ഥന്മാർ എന്നിവ ലഭിക്കുന്നതിനു വേണ്ട നടപടികൾ എടുത്തുവരുന്നുണ്ട്.

ആയുർവേദ ആശുപത്രികളും ഡിസ്പെൻസറികളും

* 555. [19] ശ്രീ. പി. ആർ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിൽ അടുത്ത സാമ്പത്തികവർഷത്തിൽ എത്ര ആയുർവേദ ആശുപത്രികളും ഡിസ്പെൻസറികളും സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട് ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം ;

(സി) കൊടകരയിൽ ഒരു മേജർ ആയുർവേദ ആശുപത്രി സ്ഥാപിക്കുന്നതിനുള്ള നടപടികൾ എന്തെല്ലാമാണ് ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) അടുത്ത സാമ്പത്തികവർഷത്തിൽ 6 ആയുർവേദ ഡിസ്പെൻസറികൾ മാത്രമേ തുറക്കുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുള്ളൂ. ആശുപത്രികൾ സ്ഥാപിക്കുന്നതിനു ബഡ്ജറ്റിൽ തുക കൊള്ളിച്ചിട്ടില്ല.

(ബി) ഡിസ്പെൻസറികൾ തുറക്കുവാനുള്ള സ്ഥലങ്ങൾ നിശ്ചയിച്ചു കഴിഞ്ഞിട്ടില്ല. അതാതു ഡിസ്ട്രിക്റ്റ് ഡവലപ്പ്മെന്റ് കൗൺസിലുകളുടെ ശുപാർശയനുസരിച്ച് ഈ കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

(സി) ഒരാശുപത്രിപോലും ഇല്ലാത്ത മറ്റു താലൂക്കുകൾ ഉള്ളതുകൊണ്ട് കൊടകരയിൽ ഒരു മേജർ ആശുപത്രി സ്ഥാപിയ്ക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ നിവൃത്തിയില്ല.

ആയുർവേദ ഡിസ്പെൻസറി

* 556. [20] ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സ്റ്റേറ്റിൽ ആകെ എത്ര ആയുർവേദ ഡിസ്പെൻസറികളുണ്ട് ;

(ബി) അതിൽ ഡിസ്ട്രിക്റ്റ് ബോർഡിൽനിന്നും ഏറ്റെടുത്തതെത്ര ;

(സി) സ്റ്റേറ്റ് ആയുർവേദ ഡിസ്പെൻസറികളിലെയും ഡിസ്ട്രിക്റ്റ് ബോർഡ് ഡിസ്പെൻസറികളിലേയും ജീവനക്കാരുടെ ശമ്പളനിരക്കുകൾ ഏകീകരിച്ചിട്ടുണ്ടോ ;

(ഡി) ശമ്പളത്തിൽ വ്യത്യാസം എത്ര ;

(ഈ) ഏകീകരണ നടപടികൾ ഉടൻ ഉണ്ടാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly